# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1762

25-03-2013 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. സി.പി.മുഹമ്മദ് :<br>ശ്രീ. റ്റി.എൻ.പ്രതാപൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പ് ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ; | എ) വയർലെസ്സ് സംവിധാനം (ഉന്നത നിലവാരത്തിലുള്ള വിനിമയ ശൃംഖല) നടപ്പിൽ വരുത്തിക്കൊണ്ടും, അത്യാധുനിക ആയുധങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടും, ഗതാഗത സൗകര്യം ഏർപ്പെടുത്തിക്കൊണ്ടും ഉള്ള പദ്ധതികളിൽ ഊന്നിയാണ് എക്സൈസ് വകുപ്പിന്റെ ആധുനിക വൽക്കരണത്തിന് രൂപം നൽകിയിട്ടുള്ളത്. E- പേയ്മെന്റ് സമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തിൽ E-ഫയലിംഗ് നടപ്പിലാക്കും. |
| ബി) ഉന്നതനിലവാരത്തിലുള്ള വിനിമയ ശൃംഖലയ്ക്കും അത്യാധുനിക ആയുധങ്ങൾക്കും ഗതാഗത സൗകര്യങ്ങൾക്കുമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതികളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) വയർലെസ്സ് സിസ്റ്റം സ്ഥാപിക്കുന്നതിനായി, 30-05-2012 ലെ ജി.ഒ.(ആർ.റ്റി)നമ്പർ. 396/12/റ്റി.ഡി. പ്രകാരം, സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വയർലെസ്സ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ടെക്നിക്കൽ കമ്മിറ്റിയും സ്പെസിഫിക്കേഷൻ കമ്മിറ്റിയും രൂപീകരിക്കുകയും, ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും സ്വീകരിച്ച്, ചെലവ് 57 ലക്ഷം രൂപ ആകുമെന്നതിനാൽ സർക്കാർ തല ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിന് വിടുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം, വയർലെസ്സ് സംവിധാനത്തിന്റേയും, ലൈസൻസിംഗിന്റേയും പരിചയസമ്പന്നത കണക്കിലെടുത്ത്, വയർലെസ്സ് സംവിധാനം നടപ്പിൽ വരുത്തുന്ന പ്രവർത്തി, പോലീസ് വകുപ്പിലെ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തെ ഏൽപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

....2

| | |
|---|---|
| സി) നവീകരണപദ്ധതിയുടെ ഭാഗമായി എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് വകുപ്പിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | സി) പരീക്ഷണാടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിട്ടുള്ള എക്സൈസ് മൊബൈൽ ലാബിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം മറ്റ് ജില്ലകളിലേയ്ക്ക് സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. വയർലെസ്സ് സംവിധാനം 6 ജില്ലകളിലേയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് എല്ലാ ജില്ലകളിലേയ്ക്കും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗതാഗത വിനിമയം സുഗമമാക്കാൻ, 70 മോട്ടോർ സൈക്കിളുകൾ എക്സൈസ് വകുപ്പിൽ ഈ വർഷം വാങ്ങിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ സ്കാനർ ഏർപ്പെടുത്തുന്നതിന്റെ പ്രായോഗിക വശങ്ങൾ, സർക്കാർ പരിശോധിച്ചു വരുന്നു. വൈദ്യുതി ലാഭിക്കുന്നതിനായി, സോളാർ പാനലുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. |

(signature)

സെക്ഷൻ ഓഫീസർ